**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2017-18 വർഷത്തെ ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് തവനൂർ നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ ശൗചാലയങ്ങളും മൂത്രപ്പുരകളും പുതുതായി പണിയുന്നതിനും നിലവിലുള്ള ശൗചാലയങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.823/2018/തസ്വഭവ തിരുവനന്തപുരം, തീയതി 26.03.2018

പരാമർശം:-1) 06.04.2017 ലെ സ.ഉ (സാധാ) നം 1096/2017/തസ്വഭവ നമ്പർ ഉത്തരവ്

2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.02.2018 ലെ 4024/A/2017/SM നമ്പർ കത്ത്

**ഉത്തരവ്**

വിദ്യാലയങ്ങളിൽ ശൗചാലയങ്ങൾ, മൂത്രപ്പുരകൾ എന്നിവ നിർമ്മിക്കുന്നതിന് വാർഷിക പദ്ധതിയിൽ ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ 2515-00-101-68 എന്ന ശീർഷകത്തിൽ 'ദ്രവമാലിന്യ പരിപാലനം (സെപ്റ്റിജ് ട്രീറ്റ് മെന്റ് പ്ലാന്റ് സഹിതം)' എന്ന ഘടകത്തിൽ മൂന്ന് കോടി രൂപ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ വകയിരുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്ന് ഇതുവരെ തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ തവനൂർ മണ്ഡലത്തിലെ 12 സർക്കാർ സ്കൂളുകളിൽ 125 ശൗചാലയങ്ങളും 153 മൂത്രപ്പുരകളും പുതുതായി പണിയുന്നതിനും കാടഞ്ചേരി ഗവൺമെന്റ് എച്ച്.എസ്.എസിൽ നിലവിലുള്ള 20 ശൗചാലയങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പദ്ധതിക്ക് ആവശ്യമായ തുകയായ 1,47,10,000/- രൂപ 2515-00-101-68 എന്ന ശീർഷകത്തിൽ 'ദ്രവമാലിന്യ പരിപാലനം (സെപ്റ്റിജ് ട്രീറ്റ് മെന്റ് പ്ലാന്റ് സഹിതം)' എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തവനൂർ നിയോജക മണ്ഡലത്തിൽ 12 സർക്കാർ സ്കൂളുകളിൽ 125 ശൗചാലയങ്ങളും 153 മൂത്രപ്പുരകളും പുതുതായി പണിയുന്നതിനും, കാടഞ്ചേരി ഗവൺമെന്റ് എച്ച്.എസ്.എസിൽ നിലവിലുള്ള 20 ശൗചാലയങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനും 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ 2515-00-101-68 എന്ന ശീർഷകത്തിൽ 'ദ്രവമാലിന്യ പരിപാലന ഘടകത്തിൽ' വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,47,10,000/- രൂപ (ഒരുകോടി നാല്പത്തിയേഴ് ലക്ഷത്തി പതിനായിരം രൂപ) ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.പദ്ധതി സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റും ഡി.പി.ആറും (D.P.R.) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏൻജിനീയറിങ് വിഭാഗവും ശുചിത്വ മിഷനും പരിശോധിച്ച് ആയത് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളതാണ് എന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക അനുമതി നൽകുകയും ഫണ്ട് റിലീസ് ചെയ്യുകയും ചെയ്യാവൂ.

2.ശൗചാലയങ്ങളുടെയും മൂത്രപ്പുരകളുടെയും നിർമ്മാണത്തിന് പാലിച്ചിരിക്കേണ്ട standards കൃത്യമായും പാലിച്ചിരിക്കേണ്ടതാണ്.

3.ധനകാര്യ വകുപ്പിന്റെ അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസി മുഖേനയോ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻജിനീയറിങ് വിഭാഗം മുഖേനയോ ബാധകമായ നിരക്കിൽ (applicable Schedule of Rate) ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

4.പ്രോജക്റ്റ് പ്രൊപ്പോസൽ അടുത്ത സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം.
ആസൂത്രണ സാമ്പത്തിക കാര്യ (A)വകുപ്പ്(U.O.Note No.A2/51/2018-PLGE )
ധനകാര്യ (ഡവലപ്മെന്റ് വിങ്) വകുപ്പ് (U.O.Note No.Dev-2/40/2018-Fin (E- 756472))
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ